(സി) സംഘങ്ങൾക്ക് സമർപ്പിച്ചിട്ടുള്ള പലിശയിളവാനുകൂല്യ പട്ടികയിൻമേൽ പ്രീ-ഓഡിറ്റ് നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി സംഘങ്ങൾക്ക് നൽകേണ്ട യഥാർത്ഥ തുക കണക്കാക്കി അർഹമായ തുക അനുവദിക്കുന്നതാണ്.

(ഡി) കാർഷിക വായ്പയിൻമേൽ, മോറട്ടോറിയം അനുവദിച്ചിട്ടുള്ളതിനാലും ടി കാലയളവിലെ പലിശയും പിഴപ്പലിശയും സർക്കാർ റീ-ഇംബേഴ്സ് ചെയ്തു നൽകുന്നതിനാലും ഈ തുക വായ്പാക്കാരന്റെ കണക്കിൽ വരവുചെയ്തശേഷം സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ കാണിക്കേണ്ടതാണെന്നും ടി പലിശ തുകയ്ക്ക് ഓഡിറ്റിൽ പ്രത്യേക കരുതൽ വെയ്ക്കുന്നതിൽ നിന്നും സംഘങ്ങളെ ഒഴിവാക്കിയും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകളിൽ കാർഷിക കടാശ്വാസ നിയമപ്രകാരം ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് അനുവദിച്ചതുകാരണം അടയ്ക്കാൻ കഴിയാതിരുന്നത്രയും പലിശയും വായ്പാ തുകയും ജില്ലാ സഹകരണ ബാങ്കുകളുടെ വാർഷിക അക്കൗണ്ടിൽ കുടിശ്ശികയായി പരിഗണിക്കേണ്ടതില്ലെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊപ്ര സംഭരിച്ചതിൽ അഴിമതി

83 [3597] *ശ്രീ. ടി. എം. ജേക്കബ്:*
„ *ജോണി നെല്ലൂർ:*
„ *ആർ. ബാലകൃഷ്ണപിള്ള:*
„ *കെ. ബി. ഗണേഷ്കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾവഴി 2000-2001 മുതൽ കൊപ്ര സംഭരിച്ചതിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ ആരക്കുന്നം സൊസൈറ്റിയിലും മൂവാറ്റുപുഴ, കോതമംഗലം, കണയന്നൂർ താലൂക്കുകളിലെ പല സൊസൈറ്റികളിലും കൊപ്ര സംഭരിച്ചതിൽ അഴിമതി നടന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പരാതിയിൻമേൽ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ ആരക്കുന്നം സൊസൈറ്റിയിൽ നടത്തിയ കൊപ്ര സംഭരണത്തിൽ യഥാർത്ഥ കർഷകരിൽ നിന്നല്ല കൊപ്ര സംഭരിച്ചിട്ടുള്ളത് എന്ന പരാതി ലഭിച്ചിട്ടുണ്ട്.

മൂവാറ്റുപുഴ താലൂക്കിലെ മൂവാറ്റുപുഴ സ്പൈസസ് മാർക്കറ്റിംഗ്, പ്രോസസിംഗ് ആന്റ് എക്സ്പോർട്ടിംഗ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 952 നടത്തിയ കൊപ്രാ സംഭരണത്തിൽ അഴിമതി നടന്നിട്ടുണ്ട് എന്ന് കാണിച്ച് ശ്രീ. മുഹമ്മദ് ഇസ്മയിൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ നൽകിയ പരാതിയാണ് ലഭിച്ചിട്ടുള്ളത്.

കോതമംഗലം താലൂക്കിൽ കൊപ്രാ സംഭരണം നടന്നിട്ടില്ല.

(സി) കണയന്നൂർ താലൂക്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിൻമേൽ നടപടികൾ ആവശ്യമില്ല എന്നു കണ്ടതിനാൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

മൂവാറ്റുപുഴ താലൂക്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സഹകരണ വായ്പാ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

84 [3598] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
,, *ടി. പി. രാമകൃഷ്ണൻ:*
,, *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങൾ വഴിയുള്ള കാർഷിക വായ്പ വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സഹകരണ വായ്പാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട സമിതി ഇത് സംബന്ധിച്ച് നൽകിയ ശുപാർശകൾ എന്തൊക്കെയാണ്; സമിതിയുടെ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സമിതിയുടെ ഏതെല്ലാം ശുപാർശകൾ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) മുൻ സാമ്പത്തികവർഷം സഹകരണ വായ്പ മേഖല നൽകിയ വായ്പകളിൽ കാർഷിക മേഖല ഉൾപ്പെടെയുള്ള ഓരോ മേഖലയിലും എത്ര ശതമാനം വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly